**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 831** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടികവർഗ്ഗ മിശ്രവിവാഹിതർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ് വഴി എന്തൊക്കെ ധനസഹായങ്ങളാണ് നല്കിവരുന്നതെന്നും, എത്ര രൂപയാണ് ധനസഹായമെന്നും വ്യക്തമാക്കാമോ; | (എ) | മിശ്രവിവാഹം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്നതും സാമൂഹ്യമായ ഒറ്റപ്പെടുത്തലിനും പീഢനങ്ങൾക്കും വിധേയരാകുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതിമാർക്ക് വരുമാനദായകമായ ഏതെങ്കിലും സംരംഭം ആരംഭിക്കുന്നതിന് 75,000/-രൂപ ധനസഹായം നൽകുന്നു. മിശ്രവിവാഹം മൂലം ക്ലേശമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 75,000/- രൂപ മിശ്രവിവാഹ ധനസഹായമായി അനുവദിക്കുന്നു. |
| (ബി) | പ്രസ്തുത മിശ്രവിവാഹ ധനസഹായം വഴി എന്തൊക്കെ ആനുകൂല്യങ്ങൾ ആണ് കിട്ടുന്നത് എന്ന് വ്യക്തമാക്കാമോ; ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും, എന്തൊക്കെ രേഖകളാണ് അപേക്ഷകർ ഹാജരാക്കേണ്ടതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | മിശ്രവിവാഹം മൂലം ദുരിതമനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതിമാർക്ക് വരുമാനദായകമായ ഏതെങ്കിലും സംരംഭം ആരംഭിക്കുന്നതിനായി 75,000/-രൂപ ധനസഹായമായി നൽകുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം 3 വർഷത്തിനു ള്ളിലായി ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം ദമ്പതിമാരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സഹവാസ സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസറിൽ നിന്നും), വിവാഹ സർട്ടിഫിക്കറ്റ്, ആധാർ കാർഡിന്റെ കോപ്പി/ തിരിച്ചറിയൽ രേഖ, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നിവയും സമർപ്പിക്കണം. വരുമാന പരിധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. മിശ്രവിവാഹം മൂലം ക്ലേശം അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 75,000/-രൂപ ധനസഹായമായി അനുവദിക്കുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷവും 3 വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിക്കണം. 1 ലക്ഷം രൂപ വരുമാന പരിധിയായി നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, |

| | | | |
|---|---|---|---|
| | | | പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ്, വിവാഹസർട്ടിഫിക്കറ്റ് തുടങ്ങിയവ സഹിതം അപേക്ഷ അതാത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകേണ്ടതും ആയത് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അന്വേഷണം നടത്തി മിശ്രവിവാഹ ധനസഹായത്തിന് അർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ജില്ലാതല ഓഫീസിലേയ്ക്ക് ശിപാർശ ചെയ്യുകയും ആയത് പ്രകാരം ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. |
| (സി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രസ്തുത മിശ്രവിവാഹ ആനുകൂല്യത്തിനായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ; | (സി) | കൂത്ത്പറമ്പ് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും 8 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആനുകൂല്യം വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂത്ത്പറമ്പ് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും മിശ്രവിവാഹ ധനസഹായത്തിനുള്ള ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. ധനസഹായം നൽകാൻ നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | നിലവിൽ ഏത് തീയതി മുതലുള്ള അപേക്ഷകളിന്മേലാണ് ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ ? | (ഡി) | പട്ടികജാതി വികസന വകുപ്പിൽ 25.08.2020 മുതലുള്ള അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ട്. കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് 4/2017 മുതലുള്ള 22 അപേക്ഷകളിന്മേൽ ധനസഹായം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ